# പതിനാലാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 142 | 28.01.2019 ൽ മറുപടിക്കുണ്ടായിരുന്നത്

## പോലീസുകാരെ വിദ്യാർത്ഥികൾ മർദ്ദിച്ച സംഭവം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.എസ്.ശബരീനാഥൻ | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) തിരുവനന്തപുരം എസ്.എ.പി ക്യാമ്പിലെ പോലീസുകാരായ വിനയചന്ദ്രൻ, ശരത്, ട്രാഫിക് കോൺസ്റ്റബിൾ അമൽകൃഷ്ണ എന്നിവരെ ഡിസംബർ 12-ാം തീയതി യൂണിവേഴ്സിറ്റി കോളേജിലെ വിദ്യാർത്ഥികൾ പാളയത്ത് വച്ച് മർദ്ദിച്ച സംഭവത്തിന്റെ അന്വേഷണം ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (എ) അന്വേഷണം പുരോഗമിച്ചു വരുന്നു. |
| (ബി) പ്രതികൾ ഏതെങ്കിലും വിദ്യാർത്ഥി സംഘടനയുമായി ബന്ധമുള്ളവരാണോ; എങ്കിൽ ഏത് സംഘടന എന്ന് വ്യക്തമാക്കാമോ; | (ബി) യും (സി) യും വിദ്യാർത്ഥി സംഘടനയിൽപ്പെട്ട പ്രതികൾക്കെതിരെ u/s 143,147,149,447, 294(b),353,332 IPC എന്നീ വകുപ്പുകൾ പ്രകാരമാണ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളത് |
| (സി) പ്രതികൾക്കെതിരെ ഏതൊക്കെ വകുപ്പുകൾ പ്രകാരമാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്ന് അറിയിക്കാമോ; | |
| (ഡി) അക്രമസംഭവത്തിൽപെട്ടവർ പ്രതികളെ സംഭവ ദിവസം പോലീസ് ജീപ്പിൽ നിന്നും ബലമായി പിടിച്ചിറക്കി കൊണ്ടുപോയിട്ടുണ്ടോ; | (ഡി) ഇല്ല. |
| (ഇ) പോലീസിന്റെ മനോവീര്യം തകർക്കുന്ന ഇത്തരം കേസുകളിൽ പ്രതികളാകുന്നവർക്കെതിരെ ശക്തമായ വകുപ്പുകൾ ചേർത്ത് കേസെടുത്ത് നടപടി സ്വീകരിക്കാത്തതും, ഉന്നത തല രാഷ്ട്രീയ ഇടപെടലുണ്ടാകുന്നതും ഇത്തരം കേസുകൾ വർദ്ധിക്കുന്നതിന് കാരണമാകുന്നതായി വിലയിരുത്തുന്നുണ്ടോ എന്ന് വെളിപ്പെടുത്താമോ? | (ഇ) ബന്ധപ്പെട്ട വകുപ്പുകൾ പ്രകാരം തന്നെയാണ് കേസ് രജിസ്റ്റർ ചെയ്തത്. |

സെക്ഷൻ ഓഫീസർ